"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ്- കൊടുങ്ങല്ലൂർ നഗരസഭയിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധന- റവന്യൂ ഇൻസ്പെക്ടറായിരുന്ന ശ്രീ.ചന്ദ്രസേനനെതിരായ അച്ചടക്കനടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.1137/2024/LSGD തീയതി,തിരുവനന്തപുരം, 26-06-2024

---

പരാമർശം:-

1. വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 18.09.2015 തീയതിയിലെ ഇ8(എസ്.സി.17/2015/റ്റിഎസ്.ആർ) 11466/2015 നം. കത്ത്.
2. 28.02.2018 തീയതിയിലെ ഇയു2- 386/2017/തസ്വഭവ നമ്പർ കുറ്റാരോപണമെമ്മോ
3. 07.04.2021 തീയതിയിലെ ഇയു2- 386/2017/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്
4. ശ്രീ.ചന്ദ്രസേനൻ സമർപ്പിച്ച 10.05.2021 തീയതിയിലെ പ്രതിവാദപത്രിക.
5. 07.05.2022 തീയതിയിലെ സ.ഉ(സാധാ)നം. 1167/2022/തസ്വഭവ
6. പ്രിൻസിപ്പൽ ഡയറക്ടറുടെ 07.03.2024 തീയതിയിലെ LSGD/PD/4813/2023-VIGC5 നമ്പർ കത്ത്.

**ഉത്തരവ്**

കൊടുങ്ങല്ലൂർ നഗരസഭയിലെ ജീവനക്കാർ കെട്ടിട നിർമ്മാണാനുമതി മനഃപൂർവ്വം വൈകിപ്പിക്കുന്നതായി ആരോപിച്ച് എ.ആർ.അസ്സോസിയേറ്റ്സ്, ക്രാഫ്റ്റ് ഹോസ്പിറ്റൽ കോംപ്ലക്സ്, ചന്തപ്പുര എന്നവർ ജില്ലാ കളക്ടർക്ക് നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ തൃശ്ശൂർ യൂണിറ്റ് 27/04/2015 ൽ കൊടുങ്ങല്ലൂർ നഗരസഭയിൽ നടത്തിയ മിന്നൽ പരിശോധനയിൽ, ലോകമല്ലേശ്വരം വില്ലേജിൽ സർവ്വേ നമ്പർ 226/01 എന്ന സ്ഥലത്ത് (BA/111/09-10 നമ്പർ പെർമിറ്റ് പ്രകാരം) 7 നില കെട്ടിടം പണിതത് അനധികൃതമാണെന്ന് കണ്ടെത്തുകയും, കൂടാതെ ഒക്യൂപൻസി സർട്ടിഫിക്കറ്റിലെ പ്രകാരമല്ലാതെ താഴത്തെ നില ഫാർമസിയായി ഉപയോഗിക്കുന്നതായും മറ്റു നിലകൾ വാണിജ്യാടിസ്ഥാനത്തിനായി ഉപയോഗിക്കുന്നതായും, 7 നിലകളുള്ള ടി അനധികൃത കെട്ടിട നിർമ്മാണത്തിന് ചട്ടപ്പടി യഥാസമയം നികുതി ഈടാക്കാത്തതിനാൽ നഗരസഭയ്ക്ക് നഷ്ടമുണ്ടായതായും കണ്ടെത്തിയതിന്റെയടിസ്ഥാനത്തിൽ പരാമർശം 1 പ്രകാരം വിജിലൻസ് ഡയറക്ടർ ശുപാർശ ചെയ്തതനുസരിച്ച് ക്രമക്കേടുകൾക്ക് ഉത്തരവാദിയായി കണ്ടെത്തിയ റവന്യൂ ഇൻസ്പെക്ടർമാരായ ശ്രീ.ചന്ദ്രസേനൻ, ശ്രീ.ബി.രാജീവ്, ശ്രീ.ആർ.ഗോപാലകൃഷ്ണൻ, സൂപ്രണ്ട് ശ്രീ.എ.പി.ജോർജ്ജ് എന്നിവർക്ക് പരാമർശം 2 പ്രകാരം കുറ്റാരോപണ

മെമ്മോ/പത്രിക നൽകിയിരുന്നു.

2. റവന്യൂ ഇൻസ്പെക്ടർമാരായ ശ്രീ.ആർ.ഗോപാലകൃഷ്ണൻ, സൂപ്രണ്ട് ശ്രീ.എ.പി.ജോർജ്ജ് എന്നിവർക്കെതിരായി ആരംഭിച്ച അച്ചടക്കനടപടി 1960 ലെ KCS (CC&A) ചട്ടം 11 (vA) പ്രകാരം ടിയാന്മാരുടെ രണ്ട് വാർഷിക വേതനവർദ്ധനവ് സഞ്ചിതഫല പ്രാബല്യത്തോടെ തടഞ്ഞുകൊണ്ടും, കെ.എസ്.ആർ പാർട്ട് III ചട്ടം 3 (എ) പ്രകാരം റവന്യൂ ഇൻസ്പെക്ടർ ശ്രീ.ബി.രാജീവ്- ന്റെ പ്രതിമാസ പെൻഷനിൽ നിന്നും 1000/- രൂപാ വീതം 5 വർഷത്തേയ്ക്ക് കുറവ് ചെയ്തുകൊണ്ടും തീർപ്പാക്കി പരാമർശം 5 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

3. റവന്യൂ ഇൻസ്പെക്ടറായിരുന്ന ശ്രീ.ചന്ദ്രസേനൻ.ജി., 31.07.2017ൽ സേവനത്തിൽ നിന്നും വിരമിച്ചതിനാൽ മേൽ കൃത്യവിലോപത്തിന് ടിയാളുടെ സേവനകാലയളവ് തൃപ്തികരമല്ലെന്ന നിഗമനത്തിൽ കെ.എസ്.ആർ ഭാഗം III ചട്ടം 3 (എ) പ്രകാരം പ്രതിമാസ പെൻഷനിൽ നിന്നും 1000/- രൂപ വീതം അഞ്ച് വർഷത്തേക്ക് കുറവ് ചെയ്യുന്നതിന് സർക്കാർ താൽക്കാലികമായി തീരുമാനിച്ച് പരാമർശം 3 പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു.

4. കാരണം കാണിക്കൽ നോട്ടീസിന് ശ്രീ.ചന്ദ്രസേനൻ.ജി., പരാമർശം 4 പ്രകാരം സമർപ്പിച്ച മറുപടിയിൽ, ടിയാൻ 09/08/2012 മുതൽ രണ്ടു മാസം മാത്രമാണ് കൊടുങ്ങല്ലൂർ നഗരസഭയിൽ ജോലി ചെയ്തിട്ടുള്ളത് എന്നും, ഇത്രയും ചുരുങ്ങിയ ദിവസം കൊണ്ട് നഗരസഭയിലെ അനധികൃത കെട്ടിടങ്ങൾ എല്ലാം കണ്ടെത്തി നികുതി വസൂലാക്കാൻ സാവകാശം ലഭിച്ചിരുന്നില്ല എന്നും, 31/07/2017-ൽ സർവീസിൽ നിന്നും വിരമിച്ചതായും ആയതിനാൽ തനിക്കെതിരായ നടപടികൾ റദ്ദ് ചെയ്യണമെന്നും അപേക്ഷിച്ചിരുന്നു.

5. പ്രിൻസിപ്പൽ ഡയറക്ടർ സമർപ്പിച്ച പരാമർശം 6 റിപ്പോർട്ട് പ്രകാരം, ക്രാഫ്റ്റ് ഹോസ്പിറ്റൽ കോംപ്ലക്സിലെ പരാമർശിത കെട്ടിടത്തിന് 30/7/2009-ൽ BA നമ്പർ 111/2009 പ്രകാരം പെർമിറ്റ് അനുവദിച്ചിട്ടുള്ളതും 22/3/2011-ൽ BASEMENT, 1, 2 നിലകൾക്ക് ഒക്യുപ്പൻസി അനുവദിച്ചിട്ടുള്ളതുമാണ് എന്നും ആയതിനു ശേഷം നഗരസഭയിൽ നിന്നും യഥാവിധി പെർമിറ്റുകൾ എടുക്കാതെ പ്രസ്തുത കെട്ടിടത്തിൽ പലപ്പോഴായി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. വിജിലൻസ് പരിശോധന വേളയിൽ ഇപ്രകാരം നാല് നിലകൾ കൂട്ടിച്ചേർത്ത് ആകെ ഏഴു നിലകളുള്ള അവസ്ഥയിലായിരുന്നു. കുറ്റാരോപിതനായ ശ്രീചന്ദ്രസേനൻ, 09/08/2012 മുതൽ 22/9/2012 വരെയുള്ള കാലയളവിൽ ആണ് റവന്യൂ ഇൻസ്പെക്ടറായി നഗരസഭയിൽ സേവനമനുഷ്ഠിച്ചിട്ടുള്ളത്. 2011-ൽ പൂർത്തിയായ ക്രാഫ്റ്റ് ഹോസ്പിറ്റലിന്റെ ആദ്യഘട്ടത്തിനു ശേഷം വിജിലൻസ് പരിശോധന നടക്കുന്ന 27/04/2015 വരെയുള്ള കാലയളവിൽ, അനധികൃത നിർമ്മാണം നടന്ന കാലയളവ് സംബന്ധിച്ച് കൃത്യത ഇല്ലാത്തതാണ് എന്നും കേവലം 55 ദിവസം മാത്രം റവന്യു ഇൻസ്പെക്ടറായി ജോലി ചെയ്തിട്ടുള്ള ശ്രീ.ചന്ദ്രസേനൻ അനധികൃത നിർമ്മാണം കണ്ടെത്തി നികുതി ചുമത്തുന്നതിന് സാവകാശം ലഭിച്ചിട്ടില്ല എന്നും കൂടാതെ ടിയാൻ നഗരസഭയിൽ നിന്ന് സ്ഥലംമാറ്റം ലഭിച്ചതിന് ശേഷം 11/2/2013-ലാണ് ഫാർമസി ലൈസൻസിനുള്ള അപേക്ഷ നഗരസഭയിൽ സമർപ്പിച്ചിട്ടുള്ളത് എന്നും പരാമർശിത കെട്ടിടത്തിൽ 2102 ചതുരശ്രമീറ്റർ വിസ്തീർണ്ണത്തിൽ അനധികൃത കെട്ടിട നിർമ്മാണമായി കണ്ട് മൂന്നിരട്ടി നികുതി ചുമത്തുകയും 4,57,186/-രൂപ പ്രതിവർഷം നികുതി കണക്കാക്കിയിരുന്നു എന്നും പ്രസ്തുത നികുതി കെട്ടിട ഉടമകൾ അടവാക്കിയിട്ടുള്ളതിനാൽ ഇക്കാര്യത്തിൽ നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടമുണ്ടായതായി കാണാൻ കഴിയുന്നില്ല എന്നും നഗരസഭാ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. മേൽ സാഹചര്യത്തിൽ, 09/08/2012 മുതൽ 22/9/2012വരെ മാത്രം പ്രസ്തുത നഗരസഭയിൽ ജോലി ചെയ്തിരുന്ന ശ്രീ ചന്ദ്രസേനന്റെ കാലയളവിൽ അനധികൃത നിർമ്മാണം നടന്നതായി വ്യക്തമാകാത്തതിനാലും പരാമർശിത

കെട്ടിടത്തിനു 2015-16 ഒന്നാം അർദ്ധ വർഷം മുതൽ മുൻകാല പ്രാബല്യത്തിൽ വരുന്ന മൂന്ന് ഇരട്ടി നികുതി ചുമത്തി ഈടാക്കി വരുന്നതിനാൽ കൊടുങ്ങല്ലൂർ നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടം ഒന്നും തന്നെ ഉണ്ടായിട്ടില്ല എന്നതിനാലും, ടി കെട്ടിടത്തിന് ഒക്യുപൻസി അനുവദിക്കുമ്പോഴും ഫാർമസി ലൈസൻസിന് സമർപ്പിക്കുമ്പോഴും ശ്രീ.ചന്ദ്രസേനൻ പ്രസ്തുത നഗരസഭയിൽ ജോലി ചെയ്തിട്ടില്ലാത്തതിനാലും പ്രസ്തുത അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുന്നതിനും ആയതിന് നികുതി ഈടാക്കുന്നതിലും വളരെ ചുരുങ്ങിയ കാലം മാത്രം സേവനമനുഷ്ഠിച്ചിരുന്ന കുറ്റാരോപിതന്റെ ഭാഗത്തു നിന്നും വീഴ്ച ഉണ്ടായതായി കണക്കാക്കാനാകില്ല എന്നത് പരിഗണിച്ച് 31/07/2017-ന് സേവനത്തിൽ നിന്നും വിരമിച്ച ശ്രീ.ചന്ദ്രസേനൻ എന്നവർക്കെതിരായ കാരണം കാണിക്കൽ നോട്ടീസിൽ നിശ്ചയിച്ചിട്ടുള്ള താൽക്കാലിക ശിക്ഷാ തീരുമാനം ഒഴിവാക്കാവുന്നതാണ് എന്ന് പ്രിൻസിപ്പൽ ഡയറക്ടർ അഭിപ്രായപ്പെട്ടിരുന്നു.

6. ശ്രീ.ചന്ദ്രസേനൻ സമർപ്പിച്ച മറുപടിയുടേയും പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടിന്റേയും അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിൽ 2011-ൽ പൂർത്തീയായ ക്രാഫ്റ്റ് ഹോസ്പിറ്റലിന്റെ ആദ്യഘട്ടത്തിനു ശേഷം വിജിലൻസ് പരിശോധന നടക്കുന്ന 27/04/2015 വരെയുള്ള കാലയളവിനിടയ്ക്ക്, 09/08/2012 മുതൽ 22/9/2012 വരെ മാത്രം പ്രസ്തുത നഗരസഭയിൽ ജോലി ചെയ്തിരുന്ന ശ്രീചന്ദ്രസേനന്റെ കാലയളവിൽ അനധികൃത നിർമ്മാണം നടന്നതായി വ്യക്തമാകാത്തതിനാലും, അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുന്നതിനും ആയതിന് നികുതി ഈടാക്കുന്നതിലും വളരെ ചുരുങ്ങിയ കാലം മാത്രം സേവനമനുഷ്ഠിച്ചിരുന്ന കുറ്റാരോപിതന്റെ ഭാഗത്തു നിന്നും വീഴ്ച ഉണ്ടായതായി കണക്കാക്കാനാകില്ലായെന്നതിന്നാലും 31/07/2017-ന് സേവനത്തിൽ നിന്നും വിരമിച്ച ശ്രീ.ചന്ദ്രസേനൻ.ജി. എന്നവർക്കെതിരായി കാരണം കാണിക്കൽ നോട്ടീസിൽ നിശ്ചയിച്ചിട്ടുള്ള താൽക്കാലിക ശിക്ഷാതീരുമാനം ഒഴിവാക്കി അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
The Principal Accountant General ( A & E / Audit )
ശ്രീ.ചന്ദ്രസേനൻ.ജി., മുൻ റവന്യൂ ഇൻസ്പെക്ടർ, കൊടുങ്ങല്ലൂർ നഗരസഭ
(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 26-06-2024 14:38:19
സെക്ഷൻ ഓഫീസർ